"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ നാസിയ കെ സലിം, അസിസ്റ്റന്റ് സർജൻ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട് - നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.830/2024/H&FWD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.01.2024 തീയതിയിലെ ഇഎ4-24472/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജനായ ഡോ നാസിയ കെ സലിം - നെ 2023 ലെ ജനറൽ ട്രാൻസ്ഫറിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോ ബീന എ എം -ന് പകരം നിയമിച്ചിരുന്നു. എന്നാൽ ഡോ ബീന എ എം ഫയൽ ചെയ്ത ഒഎ (ഇകെഎം) 920/23 ന്മേലുള്ള ബഹു.ട്രൈബ്യൂണലിന്റെ സ്റ്റേ ഉത്തരവിനെ തുടർന്ന് ടിയാരിക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സാധിച്ചിരുന്നില്ല. ഡോ നാസിയ കെ സലിം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ മുൻപാകെ റിപ്പോർട്ട് ചെയ്യുകയും ടിയാളെ ജോലി ക്രമീകരണ വ്യവസ്ഥയിൽ 26.06.2023 മുതൽ 16.10.2023 വരെ കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഡോ നാസിയ കെ സലിം കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ഡോ നാസിയ കെ സലിമിന്റെ 20.06.2023 മുതൽ 15.10.2023 വരെയുള്ള സേവന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്ന് പരാമർശ പ്രകാരം ആവഡ ശിപാർശ ചെയ്തിരുന്നു.

2. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.ആയതിന്റെ അടിസ്ഥാനത്തിൽ ഡോ നാസിയ കെ സലിം നിയമനത്തിനായി കാത്തിരുന്ന 19-06-2023 മുതൽ 16-10-2023 വരെയുള്ള കാലയളവിൽ ടിയാരിയുടെ തസ്തികയുടെ കേഡറിൽ ഒഴിവുള്ള പക്ഷം ടി കാലയളവ് കെ എസ് ആർ ഭാഗം 1 , ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായും ഒഴിവ് നിലവിലില്ലാത്ത പക്ഷം അവധിയായും ക്രമീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.
ഡോ നാസിയ കെ സലിം, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-24472/2023/ആ.വ.ഡ തീയതി :20-03-2024**

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

Signed by Sherly S S
Date: 20-03-2024 11:18:30
Reason: Approved

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി